# മട്ടാഞ്ചേരി ബി. ഒ. ടി. പാലം കോടതി വിധികാത്ത് നാട്ടുകാർ

**പി. രാമൻ**

കൊച്ചി : മട്ടാഞ്ചേരി ബി. ഒ. ടി. പാലത്തിലെ ടോൾ പിരിവ് സംബന്ധിച്ച് കേസിൽ കോടതിവിധി വൈകുന്ന പക്ഷം പുതിയ സമരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ കൊച്ചി ജനകീയ പ്രതികരണ സമിതി ഒരുങ്ങുന്നു.

ആനുകൂല വിധിക്കായി കാത്തിരിക്കുകയാണ് നാട്ടുകാർ. അടുത്ത ദിവസങ്ങളിൽതന്നെ വിധി വന്നേക്കും എന്നു കരുതുന്നു. എന്നാൽ അന്തിമതീരുമാനം വൈകുന്തോറും പശ്ചിമകൊച്ചി കൂടുതൽ സമരോന്മുഖമാവുകയാണ്. ബി. ഒ. ടി. പാലം സംബന്ധിച്ച എല്ലാ രേഖകളോടും കൂടി ഗവർണ്ണറെച്ചെന്നുകാണാനാണ് പ്രതികരണ സമിതിയുടെ പരിപാടി.

ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ സ്കീമിൽ മട്ടാഞ്ചേരിയിൽ പുതിയ പാലം ഗാമൺ ഇന്ത്യ എന്ന സ്വകാര്യകമ്പനി പണിതത്. എന്നാൽ കേരളത്തിലെങ്ങുമില്ലാത്ത ഉയർന്ന ടോൾ നിരക്കാണൽ കമ്പനി ഇവിടെ നിശ്ചയിച്ചത്. ബസ്സുകാർക്ക് ഓരോ ട്രിപ്പിനും പ്രത്യേകം ടോൾ നിരക്കു നൽകണം എന്ന വിചിത്രമായ വ്യവസ്ഥയാണിവിടെ. (അന്യായമായ ഈ ടോൾ പിരിവിനെതിരെയാണ് കൊച്ചി ജനകീയ പ്രതികരണസമിതി രംഗത്തിറങ്ങിയത്.

ഒരു ദിവസം പല പ്രാവശ്യം കടന്നുപോകാവുന്ന മൾട്ടിപ്പിൾ ജേണി പാസ് ഈ പാലത്തിലും ഏർപ്പെടുത്തുക, അടച്ചിട്ട മട്ടാഞ്ചേരി ഹാർബർ പാലം തുറക്കുക, പുതിയ പാലത്തിലൂടെ ഇരുചക്ര - മുച്ചക്ര വാഹനങ്ങളേയും കടത്തിവിടുക എന്നീ ആവശ്യങ്ങൾ നാട്ടുകാർ ഉന്നയിക്കുന്നു.

മുഖ്യമന്ത്രിയും ജില്ലാകളക്ടർ ഗ്യാനേഷ് കുമാറുമായി നടന്ന വീഡിയോ കോൺഫറൻസിൽ മട്ടാഞ്ചേരിയിൽ പ്രശ്നമൊന്നുമില്ല എന്ന് കളക്ടർ പ്രസ്താവിച്ചത് ഇതിനിടെ വിവാദമായിക്കഴിഞ്ഞു. കളക്ടർ മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയാണ് എന്ന് ജനകീയ പ്രതികരണ സമിതി ആരോപിക്കുന്നു.

ഡിസംബർ 26 -ന് തോപ്പുംപടിയിൽ ചേർന്ന് ജനകീയ സമ്മേളനത്തിൽ നിന്ന് ഒളിച്ചോടാൻ സ്ഥലം എം. എൽ. എ. ഡൊമ്നിക്ക് പ്രസന്റേഷൻ നടത്തിയ പരിഹാസ്യമായ നാടകം, ബി. ഓ. ടി. പ്രശ്നത്തിൽ ഭരണാധികാരികളുടെ താൽപര്യമെന്ത് എന്ന് തുറന്നു കാണിക്കുന്നതായിരുന്നു. നാട്ടുകാരുടെ പ്രശ്നങ്ങൾ പത്തു പ്രബന്ധങ്ങളായി ഇവിടെ അവതരിപ്പിച്ചത് കേൾക്കാൻ എം. എൽ. എ. ക്ക് സമയമുണ്ടായിരുന്നില്ല. സോവിയറ്റ് യൂണിയന്റേയും അർജന്റീനയുടേയും തകർച്ചയെ ഒരേ തട്ടിൽവെച്ചു കാണുന്ന ഇയാൾക്ക് ആഗോളവൽക്കരണത്തെക്കുറിച്ചും, സ്വകാര്യവൽക്കരണത്തെക്കുറിച്ചും, ബി. ഒ. ടി. പദ്ധതിയെക്കുറിച്ചും പറയുമ്പോൾ നാവുളുക്കും.

സമ്മേളനം ഉദ്ഘാടനം ചെയ്ത ബിഷപ്പ് ജോൺ തട്ടുങ്കൽ ആഗോളവൽക്കരണനയം തന്നെയാണ് ബി. ഒ. ടി. പാലം പ്രശ്നത്തിലും അടിസ്ഥാന കാരണം എന്നു വ്യക്തമാക്കി. ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾ പോലും അവഗണിക്കുന്ന ഇത്തരം ഏർപ്പാടുകൾ നമുക്കു വേണ്ട.

ഗതാഗതസ്തംഭനം മൂലം പശ്ചിമകൊച്ചിക്കാർ സമൂഹമായി ഒറ്റപ്പെടുന്നു എന്നതായിരുന്നു അവതരിപ്പിച്ച പത്തു വിഷയങ്ങളിൽ ഒന്ന്. അക്കരെയിക്കരെയുള്ള കുടുംബക്കാർ ഒന്നിച്ചുകൂടുന്നത് ഇപ്പോൾ വിരളം. കരകളെ തമ്മിലിണക്കേണ്ട പാലം മനസ്സുകളെ ഭിന്നിപ്പിക്കുകയാണോ?

നഗരത്തിലെ ഹോസ്പിറ്റലുകളിലെ ഡോക്ടർമാർ ആവശ്യസേവനങ്ങൾക്ക് മട്ടാഞ്ചേരിയിലെത്താൻ ഇപ്പോൾ മടിക്കുന്നു വരുന്നവർ തന്നെ കൂടുതൽ അലവൻസ് തുക ഹോസ്പിറ്റലിൽനിന്നു വാങ്ങുന്നു. ആശുപത്രി അധികൃതർ അതും രോഗികളിൽനിന്നു തന്നെ ഈടാക്കുന്നു.

മട്ടാഞ്ചേരിക്കാരുടെ ദുരിതം കേരളം മുഴുവൻ അറിയണം. ബി. ഒ. ടി. പദ്ധതിയിൽ 200 പാലങ്ങളാണ് കേരളത്തിലൊട്ടാകെ വരാൻ പോകുന്നത്. അവയുണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങൾ നാം മുൻകൂട്ടി കാണണം. അതിന്, മട്ടാഞ്ചേരിയിൽ നിന്നുള്ള വാർത്തകൾ ശ്രദ്ധിക്കൂ.

പ്രശ്നം കോടതിയുടെ പരിഗണനയിലാണ് എന്ന് കളക്ടറും എം. എൽ. എ. യും മന്ത്രിയും ആവർത്തിക്കുന്നു. വിധി ഇനിയും വൈകുമോ, വിധി വരുന്നതോടെ ജനങ്ങളുടെ യാത്രാസ്വാതന്ത്ര്യം തിരിച്ചു കിട്ടുമോ - ഇതാണ് പശ്ചിമകൊച്ചിക്കാർ ഉറ്റുനോക്കുന്നത്.